## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2255

08.05.2017-ൽ മറുപടിക്ക്

## പോട്ട് ഹോൾ മെഷിൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് സ്വന്തമായി പോട്ട് ഹോൾ മെഷിൻ വാങ്ങിയിട്ടുണ്ടോ; എന്നാണ് വാങ്ങിയത്; എന്ത് തുകയ്ക്കാണ് വാങ്ങിയത്; ഈ മെഷിൻ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; വിശദമാക്കാമോ; | (എ) | വാങ്ങിയിട്ടുണ്ട്. 2011-ൽ 31,57,076 രൂപയ്ക്കാണ് വാങ്ങിയത്. ടി മെഷീൻ 2013-ാം വർഷം വരെ പ്രവർത്തന സജ്ജമായിരുന്നു വെങ്കിലും നിലവിൽ പ്ലാന്റ് എഞ്ചിൻ കേടായതിനെ തുടർന്ന് പ്രവർത്തന സജ്ജമല്ലാതായിരിക്കുന്നു. |
| (ബി) | പോട്ട് ഹോൾ മെഷിൻ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത മെഷിൻ എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്ന് അറിയിക്കുമോ; | (ബി) | ടി മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | പോട്ട് ഹോൾ മെഷിൻ ഉപയോഗിച്ച് എവിടെയെങ്കിലും പൊതുമരാമത്ത് വകുപ്പ് മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; | (സി) | പോട്ട് ഹോൾ ഫില്ലിംഗ് മെഷിൻ ഉപയോഗിച്ച് തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ വരുന്ന റോഡുകളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. |
| (ഡി) | പോട്ട് ഹോൾ മെഷിൻ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണോ പ്രവൃത്തികൾ നടത്തുന്നത്; കരാറുകാർക്ക് പോട്ട് ഹോൾ മെഷിൻ വാടകയ്ക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണ്; | (ഡി) | പോട്ട് ഹോൾ ഫില്ലിംഗ് മെഷിൻ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് പ്രവൃത്തികൾ നടത്തുന്നത്. മെഷീൻ കരാറുകാർക്ക് വാടകയ്ക്ക് നൽകുന്നില്ല. |

| | | | |
|---|---|---|---|
| (ഇ്) | വലിയ തുക മുടക്കി വാങ്ങിയ പേച്ച് ഹോൾ മെഷീൻ ഉപയോഗിക്കാതെ കിടക്കുന്നതു മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദികൾ ആരാണ് എന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പിലെ ഇത്തരം അനാസ്ഥകൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | മെഷീൻ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രവർത്തന രഹിതമായ മെഷീൻ യഥാസമയം പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ